# ഇനി എല്ലാവർക്കും പുരയിടം
# സ്ത്രീകൾക്ക് പ്രത്യേക അവകാശങ്ങൾ

**അഡ്വ. ഷെറി ജെ തോമസ്**

എല്ലാവർക്കും കുടിവെള്ളം - അത് അവകാശമാണ്; പക്ഷെ ഇന്നും കുടിവെള്ളത്തിന് സമരം ചെയ്യുന്നവരുണ്ട്. എല്ലാവർക്കും സഞ്ചാര സ്വാതന്ത്ര്യം - അതും അവകാശമാണ്; പക്ഷെ ഇന്ന് ഏത് റോഡിലൂടെ നടുവൊടിയാതെ യാത്ര ചെയ്യാനാകും ? ഇങ്ങനെയുള്ളപ്പോൾ, എല്ലാവർക്കും പുരയിടം എന്നു കേട്ടാൽ ആദ്യം ചിരിയല്ലേ വരേണ്ടത് ? എന്നാൽ ചിരിക്കാൻ വരട്ടെ! ഈ പുതിയ നയമൊന്ന് നിയമമായിക്കോട്ടെ, എല്ലാവർക്കും പുരയിടം എന്നത് യാഥാർത്ഥ്യമാകാൻ തക്ക വിധമുള്ള അവകാശമായി മാറിയേക്കും. മാധ്യമങ്ങളിൽ ഈ വാർത്ത വന്നപ്പോൾ, നിർഭാഗ്യമെന്ന് പറയട്ടെ, ഈ നയത്തിലെ വിവിധ ശുപാർശകളിൽ ഒന്നു മാത്രമായ മതസ്ഥാപനങ്ങൾക്കും സന്നദ്ധ സംഘടനകൾക്കും മറ്റും ഭൂമി കൈവശം വയ്ക്കുന്നതിന് സീലിംഗ് ഉണ്ടാകണം എന്ന ശുപാർശ മാത്രമാണ് ഹൈലൈറ്റ് ചെയ്തു കണ്ടത്.

### പുതിയ ദേശീയ ഭൂപരിഷ്ക്കരണ നയം

പുതിയ ദേശീയ ഭൂപരിഷ്കരണ നയം പാർലമെന്റ് അംഗീകരിച്ച്, നിയമമായി മാറുമ്പോൾ ഇനി ഇന്ത്യയിലെ എല്ലാ ഭൂരഹിതർക്കും സ്വന്തമായി പുരയിടം എന്ന സ്വപ്നം യാഥാർത്ഥ്യമാകുമത്രേ. ഉപയോഗശൂന്യമായിക്കിടക്കുന്ന ഭൂമി ഉപയോഗിക്കുന്നതിനും അത്തരം ഭൂമികൾ ഭൂരഹിർക്ക് പതിച്ചുനൽകുന്നതിനും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെയും മറ്റ് മുഖ്യധാരയിൽ നിന്നും ഒഴിവാക്കപ്പെട്ടിരിക്കുന്ന വിഭാഗങ്ങളുടെയും വീട് എന്ന സ്വപ്നം യാഥാർത്ഥ്യമാക്കുന്നതിനും, നാടോടിയായി അലഞ്ഞുതിരിഞ്ഞു നടക്കുന്ന ആളുകൾക്ക് വീട്, സ്ത്രീകൾക്ക് പ്രത്യേക ഭൂമിയവകാശങ്ങൾ, പുരയിടം ഒരു അവകാശമാക്കി മാറ്റുന്ന പുതിയ ചട്ടങ്ങൾ എന്നിവയൊക്കെയാണ് പുതിയ നയത്തിന്റെ പ്രത്യേകതകൾ. താലൂക്ക് തലത്തിലും ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും വിവിധ മാസ്റ്റർ പ്ലാനുകൾ ഇതിനായി തയ്യാറാക്കുമത്രെ.

### ഭൂമിയ ഇല്ലാത്ത പാവങ്ങൾക്ക് ഭൂമി പതിച്ചു നൽകൽ

ഭൂരഹിതരുടെ അവസ്ഥ മനസ്സിലാക്കി പല സംസ്ഥാന സർക്കാരുകളും ഭൂമി പതിച്ചുനൽകൽ പദ്ധതികളുമായി മുന്നോട്ടു പോകുന്നുണ്ട്. സർക്കാർ ഉടമസ്ഥതയിലുള്ള ഒഴിഞ്ഞുകിടക്കുന്ന പറമ്പുകളും തരിശായ് കിടക്കുന്നവയുമൊക്കെ പാവപ്പെട്ടവർക്ക് കൃഷിക്കുവേണ്ടിയും വീടുകൾ നിർമ്മിക്കുന്നതിനുവേണ്ടിയുമെല്ലാം ഉപയോഗിക്കുന്ന പദ്ധതികൾ ഇന്ന് നിലവിലുണ്ട്. പക്ഷെ ഇവയൊന്നും ഒരു അവകാശമായി ആവശ്യപ്പെടാനോ സമയബന്ധിതമായി നടപ്പിലാക്കാനോ നിലവിൽ നിയമവുമില്ല നയവുമില്ല. സർക്കാരിന്റേതെന്ന് പറയാമെങ്കിലും പല ഭൂമികളും പല നിയമ കുരുക്കുകളിലും ഉൾപ്പെട്ട് കിടക്കുകയാണ്. ഇത്തരത്തിലുള്ള ഭൂമികളെല്ലാം ഉൾപ്പെടുത്തി ഭൂരഹിതർക്ക് ഭൂമി നൽകുക എന്ന സ്വപ്നത്തിലേക്ക് നടന്നടുക്കാൻ കൃത്യമായ പദ്ധതികൾ പുതിയ നയത്തിൽ ആവിഷ്ക്കരിച്ചിട്ടുണ്ട്.

### ഇനി ലാന്റ് പൂൾ

പലതരത്തിൽ വിഭവങ്ങൾ പൂൾ ചെയ്യുന്നത് നമുക്ക് പരിചിതമാണ്. ഇനി ഭൂമിയും അത്തരത്തിൽ പൂൾ ചെയ്യപ്പെടും. ഭൂമി സഞ്ചയിപ്പിച്ച് അത് പുരയിടമായി നൽകുന്നതിനും കൃഷി ഭൂമിയായി നൽകുന്നതിനും മറ്റ് അവശ്യ ഭവന പദ്ധതികൾക്ക് ഉപയോഗിക്കുന്നതിനുമൊക്കെ പ്രത്യേക ലാന്റ് പൂൾ സംവിധാനം നിലവിൽ വരും. വില്ലേജ് അടിസ്ഥാനത്തിൽ രൂപപ്പെടുന്ന ഈ സംവിധാനത്തിലൂടെ ഒട്ടേറെപ്പേർക്ക് പ്രയോജനമുണ്ടാകുമെന്നാണ് കണക്കാക്കപ്പെടുന്നത്. സംസ്ഥാന സർക്കാരുകൾ ഇത്തരത്തിൽ ഒരു ലാന്റ് പൂൾ ഉണ്ടാക്കുന്നതിന് സമയബന്ധിതമായ നടപടികൾ എടുക്കേണ്ടിയിരിക്കുന്നു. തരിശായിക്കിടക്കുന്ന കൃഷി ഭൂമി പാട്ടത്തിനായി നൽകിയിട്ടുള്ളതും അനധികൃത കുടിയേറ്റങ്ങൾ ഒഴിപ്പിച്ചെടുത്തിട്ടുള്ളതും, രേഖകളിൽ തെറ്റായി കിടക്കുന്നവ ശരിയാക്കിയെടുത്ത് ക്രമീകരിച്ചെടുക്കുന്നതും ഉൾപ്പെടെ വിവിധങ്ങളായ ഭൂമി ഒരു പൂളിനു കീഴിൽ രേഖകൾ സഹിതം കൊണ്ടുവരണമെന്നുള്ളതാണ് പദ്ധതി. ഇതിനായി സംസ്ഥാന സർക്കാരുകൾ റവന്യു അധികാരികളിലൂടെ ഭൂമിയെ സംബന്ധിച്ച് കൃത്യമായ ഒരു കണക്ക് ഉണ്ടാക്കണം. അങ്ങനെ കണക്കാക്കപ്പെടുന്ന ഭൂമി സമയബന്ധിതമായി പതിച്ചു നൽകുന്നതിനും സംവിധാനമുണ്ടാക്കണം. ഭൂമി അപ്രകാരം പതിച്ചു നൽകുമ്പോൾ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് പരിഗ

ണന നൽകണം അതോടൊപ്പം അവശതയനുഭവിക്കുന്ന മറ്റു വിഭാഗങ്ങൾക്കും പരഗണന നൽകണം. എടുത്തു പറയുന്നൊരു കാര്യം കുടുംബത്തിന് ഭൂമി നൽകുമ്പോൾ അത് സ്ത്രീകളുടെ പേരിൽ പട്ടയം നൽകണമെന്നുള്ളതാണ്. ഗുണഭോക്താക്കളുടെ പട്ടിക ഗ്രാമസഭകളിലൂടെ തയ്യാറാക്കണം. ആ പട്ടിക പൊതു ജനത്തിന് പരിശോധനയ്ക്കായി ലഭ്യമാക്കുകയും ചെയ്യണം.

**അധിക ഭൂമിക്കു നിയന്ത്രണം.**

ദേശീയ ഭൂപരിഷ്ക്കരണ നയത്തിന്റെ കരട് രൂപം പുറത്തിറങ്ങിയപ്പോൾ പല പത്ര മാധ്യമങ്ങളിലും മുഖ്യ തലക്കെട്ടായി വന്ന വാർത്ത മതസ്ഥാപനങ്ങളുടെയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും മറ്റ് ചാരിറ്റബിൾ റിസർച്ച് ഇന്റസ്ട്രിൽ സംഘടനകളുടെയുമൊക്കെ ഭൂമി ഉടമസ്ഥതയ്ക്ക് നിയന്ത്രണങ്ങൾ വരുന്നു എന്നുള്ളതാണ്. യഥാർത്ഥത്തിൽ ദേശീയ ഭൂപരിഷ്ക്കരണ നയത്തിന്റെ കരട് പദ്ധതിയിൽ പൊതുജനോപകാരപ്രദമായ നിരവധി ശുപാർശകളിൽ അനുബന്ധമായി വരുന്ന ഒരു കാര്യം മാത്രമാണിത്. അത് മുഖ്യ വാർത്തയായി കാണിച്ചപ്പോഴാണ് വാർത്തയ്ക്ക് ഒരു പ്രാധാന്യം വന്നതെന്ന മട്ടിലായിരുന്നു പല മാധ്യമങ്ങളും. എന്നാൽ യഥാർത്ഥത്തിൽ നിലവിലുള്ള സീലിങ്ങുകൾ ചുരുക്കുന്നതിനെപ്പറ്റി ഒരു പരാമർശമാണ് പുതിയ നയത്തിലുള്ളത്. മതപരമായ സ്ഥാപനങ്ങൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും മറ്റ് സന്നദ്ധ സംഘടനകൾക്കും ഗവേഷണ സ്ഥാപനങ്ങൾക്കും വ്യവസായ സ്ഥാപനങ്ങൾക്കുമൊക്കെ നൽകിവരുന്ന ഇളവുകൾ തുടരുന്നത് നിർത്തണമെന്നാണ് ശുപാർശ ചെയ്തിട്ടുള്ളത്. ഇളവുകൾ ഭൂമി സ്വന്തമാക്കുന്നതിനെ പറ്റിയുള്ളതാണ്. ചുരുക്കത്തിൽ അതിൽ പറയുന്നത് ഇത്തരം സ്ഥാപനങ്ങൾ ഒരു യൂണിറ്റ് എന്ന കണക്കിൽ 15 ഏക്കറിൽ കൂടുതൽ ഭൂമി കൈവശം വയ്ക്കുന്നതിനും ഉടമസ്ഥത ആർജിക്കുന്നതിനും നിയന്ത്രണം ഏർപ്പെടുത്തുന്ന രീതിയിൽ നിയമം വരണമെന്നാണ്. ബിനാമി പേരുകളിൽ ഇടപാടുകൾ നടത്തുന്നതിന് ബിനാമി ഭൂമി ഇടപാടുകൾ മോണിറ്റർ ചെയ്യുന്നതിന് പ്രത്യേക സംവിധാനമുണ്ടാകണമെന്നും പറയുന്നു. ഇത്തരത്തിൽ സീംലിംഗ് വരുത്തി മിച്ചം വരുത്തിയെടുക്കുന്ന ഭൂമി ഭൂരഹിതർക്ക് വിതരണം ചെയ്യുന്നതിനുള്ള സംവിധാനത്തിലേക്ക് മാറ്റണം. അതാണ് ഈ ശുപാർശയുടെ ലക്ഷ്യം. ഇതിനായി സംസ്ഥാന സർക്കാരുകൾ പട്ടിക തയ്യാറാക്കി അധികമായി വരുന്ന ഭൂമികളെപ്പറ്റിയുള്ള വിവരങ്ങൾ പ്രസിദ്ധീകരിക്കുകയും അത് പൊതു ജനത്തിന് സ്ക്രൂട്ടിനിക്കായി പരിശോധനയ്ക്കായി വിധേയമാക്കുകയും ചെയ്യണം.

**മതസ്ഥാപനങ്ങളുടെ ഭൂമി**

പല കാലഘട്ടങ്ങളിലായി സംസ്ഥാന സർക്കാരുകൾ വിവിധ മതസ്ഥാപനങ്ങൾക്കും സംഘടനകൾക്കും സന്നദ്ധ സ്ഥാപനങ്ങൾക്കുമൊക്കെ ഭൂമി ദാനമായി നൽകിയിട്ടുണ്ട്. ആ ഭൂമിയിൽ നിന്നുള്ള ആദായം ബന്ധപ്പെട്ട വിഭാഗത്തിന്റെ വികസനത്തിനും കരുതലിനുമായി ചിലവഴിച്ചുവരുന്നു. അത് പല സ്ഥലങ്ങളിലും എൻഡോവ്മെന്റുകളിലൂടെയും വക്കഫ് ബോർഡുകളിലൂടെയുമൊക്കെ നിയന്ത്രിച്ചുവരുന്നു. എന്നാൽ പുതിയ നടത്തിൽ ഇത്തരത്തിലുള്ള എൻഡോവ്മെന്റുകളുടെയും വക്കഫ് ഭൂമിയുടെയുമൊക്കെ ശരിയായ രീതിയിലുള്ള മാനേജ്മെന്റ് ആവശ്യമാണെന്നു പറയുന്നു. ഈ തത്വത്തിന്റെ അടിസ്ഥാനത്തിൽ എല്ലാ സംസ്ഥാന സർക്കാരുകളും മതസ്താപനങ്ങൾക്കായി നൽകിയിട്ടുള്ള എൻഡോവ്മെന്റ് ഭൂമിയുടെയും വക്കഫ് ഭൂമിയുടെയും എല്ലാ അനധികൃത കൈവശങ്ങളും ഒഴിപ്പിക്കുകയും അതിന്റെ ഒരു പട്ടിക തയ്യാറാക്കുകയും ആ ഭൂമി ഭൂരഹിതർക്കായി പാട്ടത്തിനു നൽകുകയും ചെയ്യണമെന്നും നിർദ്ദേശിക്കുന്നു.

**ഭൂമി ദാനം**

ഈ നയം നടപ്പിലാക്കി കഴിഞ്ഞാൽ എല്ലാ സംസ്ഥാന സർക്കാരുകളും ഒരു വർഷത്തിനുള്ളിൽ ചെയ്തു തീർക്കേണ്ട കുറെ കാര്യങ്ങളുണ്ട്. ഭൂമി ദാനത്തിനായി ഭൂമിയുടെ സ്വഭാവവും ഉടമസ്ഥതയും തിരിച്ചറിയുന്നതിന് സർവ്വേ നടത്തുമ്പോൾ ഇപ്പോഴുള്ള ഉടമസ്ഥതയ്ക്കു പുറമേ അത് ആർജിച്ചെടുത്തതിന്റെ മുന്നാധാരങ്ങൾ പരിശോധിക്കുകയും ഉടമസ്ഥത, കൈവശാവകാശം മുതലായവ വന്നു ചേർന്ന വഴി പരിശോധിക്കുക എന്നതു കൂടി ഉൾപ്പെടുന്നു. സംസ്ഥാന സർക്കാരുകൾ ബന്ധപ്പെട്ട റവന്യൂ വകുപ്പിലെ ആമീൻമാരെയും സർവ്വേയർമാരെയും മറ്റ് വകുപ്പികളിൽ നിന്നുള്ള ഉദ്യോഗസ്ഥരേയുമൊക്കെ ഒരു വർഷത്തിനുള്ളിൽ ഈ സർവ്വേ ജോലി പൂർത്തിയാക്കുന്നതിനുവേണ്ടി ഉപയോഗിക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഈ സർവ്വേയിൽ പൊതുജനങ്ങൾക്കും സന്നദ്ധ സംഘടനകൾക്കും സ്വയം സഹായ സംഘങ്ങൾക്കുമൊക്കെ പങ്കെടുക്കാമെന്നും പറയുന്നു. ഭൂദാന പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ഭൂമിയുടെയും വിവരങ്ങൾ പൊതുജനത്തിന് പരിശോധനയ്ക്ക് വിധേയമാക്കണം. അതും ആധുനിക സാങ്കേതിക വിദ്യയിലൂടെ പരിശോധിക്കാവുന്ന രീതിയിൽ ഡിജിറ്റലായിട്ടുതന്നെ രൂപപ്പെടുത്തണമെന്നാണ് ശുപാർശയുള്ളത്.

**ഏറ്റെടുത്ത ഭൂമി തിരിച്ചു നൽകൽ**

ഒരിക്കൽ സർക്കാർ ആവശ്യത്തിനായി ഭൂമി ഏറ്റെടുത്തുകഴിഞ്ഞാൽ പിന്നീട് ആ ഭൂമിയിൽ എന്തു ചെയ്തെന്നോ എന്ത് സംഭവിക്കുന്നുവെന്നോ കിടപ്പാടം പോയവർക്ക് അന്വേഷിക്കാൻ അവകാശമില്ല. അത് സർക്കാർ ഭൂമിയാണ്. എന്നാൽ പൊതു കാര്യത്തിനുവേണ്ടി ഏറ്റെടുത്ത്, അത് ഉപയോഗിക്കാതെ ഇട്ടിരിക്കുന്ന ഭൂമിയായി തുടരുകയാണെങ്കിൽ അത് തിരികെ നൽകണമെന്നുള്ളതാണ് പുതിയ നയത്തിലെ വ്യവസ്ഥ. എറണാകുളം ജില്ലയിലെ സ്മാർട്ട് സിറ്റി ഉൾപ്പെടെ പല പ്രദേശങ്ങളിലും വികസനത്തിനു വേണ്ടി ഏറ്റെടുത്ത ഭൂമി ഇപ്പോഴും ഉപയോഗിക്കാതെ കിടക്കുന്നതിനെതിരെ പ്രതിഷേധമുയരുന്ന സാഹചര്യത്തിലാണ് ഉത്തരമൊരു പുതിയ നിർദ്ദേശത്തിന്റെ പ്രസക്തി വർദ്ധിക്കുന്നത്. അതിനുംപുറമേ അത്തരം ഭൂമികൾ വികസന പ്രവർത്തികൾ നടത്താതെ വീണ്ടും കൈമറിഞ്ഞു പോകുകയാണെങ്കിൽ അധികം വരുന്ന തുകയുടെ 20 ശതമാനം പഴയ ഭൂവുടമകൾക്കു നൽകണമെന്നും വ്യവസ്ഥയുണ്ട്.

### വനിതകൾക്ക് വീണ്ടും അവകാശം

സ്ത്രീകളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ ഇന്ന് നിയമങ്ങളേറെയാണ്. ഒരുകാലത്ത് പിതൃസ്വത്തിനുപോലും അവകാശമില്ലായിരുന്ന സ്ത്രീകൾക്കിന്ന് അത് തുല്യ അവകാശമായി മാറിയപ്പോൾ അത് യാഥാർത്ഥ്യമാക്കിയെടുക്കാനും അത് പ്രായോഗികമാകുമ്പോഴുണ്ടാകുന്ന ബുദ്ധിമുട്ടുകളുമൊക്കെ കൂടുതൽ പീഢനങ്ങൾക്ക് അവരെ ഇരയാക്കി. ഗാർഹിക പീഢനമുൾപ്പെടെ, ജനപ്രാധിനിധ്യസഭകളിലേക്കുള്ള സംവരണമുൾപ്പെടെ, പുതിയ പല നിയമങ്ങളും വന്നുവെങ്കിലും ഇന്നും സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾക്ക് കുറവില്ല. പുതിയ നയത്തിൽ പ്രത്യേകമായി എടുത്തു പറഞ്ഞിരിക്കുന്ന ഒരു കാര്യം സർക്കാർ ഭൂമി പതിച്ചുനൽകുമ്പോഴോ അത്തരം പദ്ധതികൾ ഉൾപ്പെടുത്തുമ്പോഴുമെല്ലാം അതാത് കുടുംബത്തിലെ സ്ത്രീയുടെ പേരിൽ മാത്രം നൽകുന്നതിന് വ്യവസ്ഥ ചെയ്യുന്നു. കുടുംബനാഥന്റെയും കുടുംബനാഥയുടെയും പേരിൽ ഒരുമിച്ചു നൽകുന്നതിനേക്കാൾ കൂടുതൽ സ്ത്രീകളുടെ പേരിൽ മാത്രമായി ഭൂമി നൽകാൻ മുൻഗണന നൽകണമെന്നാണ് നിർദ്ദേശിക്കുന്ന നയം. ഒന്നിൽ കൂടുതൽ സ്ത്രീകളുള്ള കുടുംബങ്ങളാണെങ്കിൽ എല്ലാവരുടെയും പേരിൽ തുല്യാവകാശം വരുന്ന രീതിയിൽ രജിസ്റ്റർ ചെയ്യാനും വ്യവസ്ഥ ചെയ്യുന്നു. സ്ത്രീകളുടെ സംഘങ്ങൾക്കും സ്വയം സഹായ സംഘങ്ങൾക്കും അവരുടെ ഗ്രൂപ്പുകൾക്കും പ്രത്യേക അവകാശങ്ങൾ വ്യവസ്ഥ ചെയ്യുന്നു. കൃഷി ആവശ്യങ്ങൾക്കായി ഭൂമി പാട്ടത്തിനു ൽകുമ്പോൾ ഇത്തരം സ്ത്രീകളുടെ ഗ്രൂപ്പുകൾക്ക് പ്രത്യേക പരിഗണന. എല്ലാ ഭൂമി വിതരണ പദ്ധതികളിലും സ്ത്രീകൾക്ക് മേൽപറഞ്ഞ പരിഗണന ലഭിക്കും. ഭർത്താവിന്റെയൊപ്പം കൂട്ടുടമ വ്യവസ്ഥയിൽ കിട്ടുന്ന ഭൂമിയാണെങ്കിലും അതിൽ സ്ത്രീയുടെ അവകാശത്തിന് പരിമിതി ഉണ്ടെന്ന് ചൂണ്ടിക്കാണിക്കുന്ന കണക്കുകളടിസ്ഥാനത്തിലാണ് ഇത്തരം തീരുമാനം.

### യാഥാർത്ഥ്യമാക്കേണ്ട ഒരവകാശം

ഭൂമി ഇല്ലായ്മ എന്നൊരവസ്ഥ ദാരിദ്ര്യം വർദ്ധിപ്പിക്കും. ഗ്രാമപ്രദേശങ്ങളിലെ ജനങ്ങളിൽ ദാരിദ്ര്യത്തിന്റെ കൂടുതൽ ദുരിതം അനുഭവിക്കുന്നവർ കൂടുതലും ഭൂമി ഇല്ലാത്തവരാണ്. മനുഷ്യന്റെ അടിസ്ഥാനപരമായ സുരക്ഷയ്ക്കും അവകാശ സംരക്ഷണത്തിനും തലചായ്ക്കാനൊരിടം അത്യന്താപേക്ഷിതമാണ്. ജീവിക്കാനുള്ള വരുമാനം എന്നതുപോലെ തന്നെ സുരക്ഷിതത്വം ആവശ്യപ്പെടുന്ന ഒന്നാണ് സ്വന്തമായൊരു പുരയിടം. അങ്ങനെ സ്വന്തമായൊരു പുരയയില്ലാത്ത കുടുംബങ്ങൾക്ക് പുരയിടം ലഭിക്കുക എന്നുള്ളത് ഒരവകാശമായിക്കി മാറ്റുന്ന പുതിയ സംവിധാനം നടപ്പിലാക്കിയെടുക്കുന്നതിന് നന്നേ പണിപ്പെടേണ്ടിവരും. ഉള്ളവനിൽ നിന്ന് പിടിച്ചുപറിച്ചുകൊടുക്കുക എന്ന കാടൻ നിയമമല്ല മറിച്ച ഭൂമിക്ക് തുല്യമായ അവകാശം ഉണ്ടാക്കിയെടുക്കുക എന്നുള്ളതാണ് ഇതിന്റെ ലക്ഷ്യം. മാന്യതയോടെ സാമൂഹ്യ സുരക്ഷിതത്തോടെ ജീവിക്കാൻ ചുരുങ്ങിയത് 10 സെന്റ് ഭൂമിയെങ്കിലും ഭൂമിയില്ലാത്ത ദരിദ്ര വിഭാഗങ്ങൾക്ക് ലഭിക്കുക എന്നുള്ളത് ഒരവകാശമായി മാറും എന്ന് സാരം. അതിനായി സംസ്ഥാന സർക്കാരുകൾ ചെയ്യേണ്ടത് ഗ്രാമപ്രദേശങ്ങളിൽ കൃത്യമായ സർവ്വേ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് നടത്തി ഭൂമിയില്ലാത്ത ആളുകളെ തിരിച്ചറിഞ്ഞ് അവരുടെ പട്ടിക തയ്യാറാക്കുക എന്നുള്ളതാണ്. സർക്കാരിൽ നിക്ഷിപ്തമായിട്ടുള്ള ലഭ്യമായിട്ടുള്ള ഭൂമി ഇങ്ങനെ ഉണ്ടാക്കിയിട്ടുള്ള പട്ടികയിലെ ആളുകൾക്കുവേണ്ടി വിതരണം ചെയ്യണം. സർക്കാർ ഭൂമി അതിന് മതിയായ രീതിയിൽ ഇല്ലെങ്കിൽ മറ്റ് ഭൂമിയിയും അക്വർ ചെയ്തെടുക്കണം. പൊതു ആവശ്യത്തിനെന്നപോലെ അക്വർ ചെയ്തെടുക്കണം. അങ്ങനെ ഉണ്ടാക്കിയെടുക്കുന്ന ഭൂമിയിൽ താമസിക്കുന്നവർക്കായി പൊതു സൗകര്യങ്ങളുൾപ്പെടുത്താനും സംസ്ഥാന സർക്കാരുകൾ തയ്യാറാകണം. ഇത് യാഥാർത്ഥ്യമായാൽ ഇതാണ് യഥാർത്ഥ വിപ്ളവം.